**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3690 — 25.6.2013 ൽ മറുപടിയ്ക്ക്

## മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിൽ പുന:സംഘടന

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ: | | ഉത്തരം<br>ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിൽ പുതുതായി ഓഫീസുകളും തസ്തികകളും അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മോട്ടോർ വാഹന വകുപ്പിൽ പുതുതായി 8 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ അനുവദിച്ചിട്ടുണ്ട്. അവ ഉടുമ്പഞ്ചോല, നിലമ്പൂർ, ദേവികുളം, മാനന്തവാടി, സുൽത്താൻ ബത്തേരി കുട്ടനാട്, ചിറ്റൂർ, ഉഴവൂർ എന്നിവിടങ്ങളിലാണ്. പുതിയ ഓഫീസുകളിലും നിലവിലുള്ള ഓഫീസുകളിലുമായി പുതുതായി 461 അധിക തസ്തികകളും അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വകുപ്പിൽ ജോയിന്റ് ആർ.ടി.ഓഫീസുകൾ അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (ബി) | വാഹന പെരുപ്പം, ജനങ്ങൾക്ക് സമയബന്ധിത സേവനങ്ങൾ ലഭ്യമാക്കുക എന്നിവയാണ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് തുടങ്ങുമ്പോൾ മാനദണ്ഡ മായെടുക്കുന്നത്. |
| (സി) | കൊല്ലം ജില്ലയിലെ ചാത്തന്നൂർ കേന്ദ്രീകരിച്ച് ജോയിന്റ് ആർ.ടി.ഓഫീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധിയിൽ നിന്നും അപേക്ഷ ലഭിച്ചിരുന്നുവോ; | (സി) | ലഭിച്ചിരുന്നു. |
| (ഡി) | എങ്കിൽ അപേക്ഷയിന്മേൽ അനുകൂല നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ? | (ഡി) | പുതിയ സബ് ആർ.ടി. ഓഫീസുകൾ തുടങ്ങുവാനുള്ള നിർദ്ദേശങ്ങൾ ഒന്നും തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ